ഉത്തരം

(എ) കെ. ററി. ഡി. സി. കമ്പനീസ് നിയമമനുസരിച്ച് രജിസ്ററർ ചെയ്യപ്പെട്ട ഒരുസ്ഥാപനമായതിനാൽ അവിടെയുള്ള ജീവനക്കാരെ, സംസ്ഥാനസർവ്വീസിലെപോലെ ജി.ഒ. എന്നോ എൻ.ജി.ഒ. എന്നോ തരംതിരിച്ചിട്ടില്ല.

(ബി) 15 പേർ.

(സി) കോർപ്പറേഷന്റെ കീഴിലുള്ള ചില തസ്തികകളും പി.എസ്.സി.യുടെ പരിധിയിൽ കൊണ്ടുവന്നിട്ടില്ല. 238 പേരെ നേരിട്ടു നിയമിച്ചിട്ടുണ്ട്.

(ഡി)

ഈഴവർ	45
മുസ്ലീം	31
മററു പിന്നോക്ക വർഗ്ഗക്കാർ	49
നായർ, ക്രിസ്ത്യാനി തുടങ്ങിയ മുന്നോക്ക ജാതിക്കാർ	146
പട്ടികജാതി/പട്ടികവർഗ്ഗക്കാർ	43
ആകെ	314

പുതിയ താലൂക്ക് രൂപീകരിക്കാൻ നിർദ്ദേശം

1165 [1856] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു താലൂക്കിന് കുറഞ്ഞത് എത്ര പഞ്ചായത്തുകളും കുറഞ്ഞത് എത്ര ജനസംഖ്യയും ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥകൾ ഉണ്ടോ;

(ബി) കുന്നത്തൂർ താലൂക്ക് വിഭജിച്ച് അടൂർ താലൂക്ക് എന്നും ശാസ്താംകോട്ട താലൂക്ക് എന്നും രണ്ട് താലൂക്കുകൾ രൂപവൽക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) താലൂക്കുകളുടെ പുനർവിഭജനം പരിഗണിക്കുമ്പോൾ ഇക്കാര്യവും പരിശോധിക്കാം.

ഹരിജൻ സഹകരണ സംഘങ്ങൾക്ക് ഗ്രാൻറ്

1166 [1857] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം എത്ര ഹരിജൻ സഹകരണ സംഘങ്ങൾക്ക് സഹകരണവകുപ്പിൽനിന്നും വർക്കിങ്ക്യാപ്പിറൽ ഗ്രാൻറ്, മാനേജീരിയൽ ഗ്രാൻറ് തുടങ്ങിയവ നൽകിയെന്ന് വിശദമാക്കുമോ;

(ബി) അവ ഏതെല്ലാമെന്നും ഓരോന്നിനും ഏതെല്ലാം ഇനത്തിൽ എന്തു തുക നൽകിയെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly